(Pages : 4) **P – 5872**

**Reg. No. : ............................**

**Name : ..................................**

**Third Semester M.A. Degree Examination, January 2023.**

**Malayalam Language and Literature**

**ML 234 : മലയാളവിമർശനം**

**(2019 Admission Onwards)**

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) കവികളും കേവലപദ്യകാരന്മാരും തമ്മിലുള്ള ഭേദത്തെ സി. അന്തപ്പായി വിലയിരുത്തുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) 'യുക്തിരഹിതമായ സൗന്ദര്യബോധമെന്നൊന്നില്ല' - എന്ന മാരാരുടെ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

2. (a) 'കവിതയിലെ നാടകീയാംശം കിടക്കുന്നത് യഥാർത്ഥ ജീവിതപ്രതീതി ഉണ്ടാക്കിത്തീർക്കാനുള്ള അതിന്റെ കഴിവിലാണ്' - എലിയട്ടിന്റെ ഈ അഭിപ്രായത്തെ നാടകാന്തം കവിത്വം എന്ന ലേഖനത്തിലൂടെ മുണ്ടശ്ശേരി സാധൂകരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) പ്രാസവാദസംവാദത്തിന്റെ തുടർച്ചയായുള്ള ഭാവരൂപസംവാദമായി കല കലയ്ക്കുവേണ്ടി / കല ജീവിതത്തിനുവേണ്ടി എന്ന സംവാദത്തെ കണക്കാക്കാനാവുമോ - എന്ന് പരിശോധിക്കുക.

gcwcentrallibrary.in

P.T.O.

3. (a) 'ചെമ്മീൻ തകഴിയുടെ സ്വകപോലകല്പിതമായൊരു നോവലാണ്' - വേലുക്കുട്ടി അരയന്റെ അഭിപ്രായത്തെ വിലയിരുത്തുക.

അല്ലെങ്കിൽ

(b) 'കല വാസ്തവികലോകത്തിന്റെ സർഗ്ഗപരമായ അനുകരണമാണ്' - ചണ്ഡാലഭിക്ഷുകിയെ മുൻനിർത്തി കേസരി ഇപ്രകാരം പറഞ്ഞതിന്റെ സാധുത പരിശോധിക്കുക.

4. (a) ഗ്രന്ഥനിരൂപണത്തെക്കുറിച്ചുള്ള സി.പി. അച്യുതമേനോന്റെ അഭിപ്രായമെന്ത്? - ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) സാഹിത്യവിമർശനത്തിലെ ഹിംസാത്മകവ്യക്തിത്വത്തെക്കുറിച്ചുള്ള കെ.പി. അപ്പന്റെ നിലപാട് വിലയിരുത്തുക.

5. (a) 'കാല്പനികതയുടെ അപചയത്തോടുള്ള കലാപമാണ് ആധുനികകവിത' - പരിശോധിക്കുക.

അല്ലെങ്കിൽ

(b) 'വൈലോപ്പിള്ളിക്കവിതകളുടെ പെരുപ്പവും കരുത്തും അവയിലെ ഗന്ധബിംബങ്ങളാണ്' - നിരൂപിക്കുക.

6. (a) ആധുനികതയുടെ വാലല്ല, മുഖം തന്നെയാണ്, കടമ്മനിട്ടയുടെയും ആറ്റൂരിന്റെയും കവിതകൾ എന്ന നരേന്ദ്രപ്രസാദത്തിന്റെ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

അല്ലെങ്കിൽ

(b) പുരുഷാധിഷ്ഠിത സൈദ്ധാന്തിക വിശകലനങ്ങൾ സ്ത്രീരചനകളെ വിലയിരുത്തുന്നതിന് അപര്യാപ്തമായിത്തീരുന്നുണ്ടോ? പരിശോധിക്കുക.

7. (a) നെല്ലുകുത്തുകാരിപാറു എന്ന കവിത ചരിത്രത്തിന്റെ ഗതിവിഗതികളെ അടയാളപ്പെടുത്തുന്നതിനോടൊപ്പം കാലത്തോടുള്ള ബഹുമാനവും പ്രസരിപ്പിക്കുന്നുണ്ട് - കല്പറ്റ നാരായണന്റെ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

അല്ലെങ്കിൽ

(b) ആധുനികതയുടെ ജീവിതവൈമുഖ്യത്തെ നിരാകരിച്ചുകൊണ്ട്, ആധുനികോത്തര ജീവിതയാഥാർത്ഥ്യങ്ങളെ തിരികെ പിടിക്കുകയായിരുന്നു - ആധുനികോത്തരമലയാള ചെറുകഥകളെ മുൻനിർത്തി പരിശോധിക്കുക.

**($7 \times 3$ = 21 Marks)**

gcwcentrallibrary.in

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) അപനിർമ്മാണം സാഹിത്യവിമർശനത്തിൽ തുറന്നു വയ്ക്കുന്ന പുതിയ സാദ്ധ്യതകൾ വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ആധുനികതയോടുള്ള നിഷേധാത്മകത വിപ്ലവാത്മകമായ ജീവിതദർശനങ്ങളായി ആധുനിക കവിതയിൽ മുഴങ്ങുന്നു - ആധുനികതയുടെ ചുവന്ന വാൽ എന്ന ലേഖനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

9. (a) പുരോഗമനസാഹിത്യ പ്രസ്ഥാനങ്ങളുടെ സ്വാധീനം കേസരി, മാരാർ, മുണ്ടശ്ശേരി തുടങ്ങിയ നവോത്ഥാന വിമർശകരിൽ തെളിഞ്ഞു കാണാം. വിലയിരുത്തുക.

അല്ലെങ്കിൽ

(b) അക്കാഡമിക് പാണ്ഡിത്യത്തിനെതിരായ കലാപമാണ് ആധുനിക വിമർശനത്തിൽ വേണ്ടത് - സ്വാഭിപ്രായം വ്യക്തമാക്കുക.

10. (a) പ്രമേയപരമായും ഭാഷാപരമായും പുരുഷാധിപത്യസാഹിത്യത്തോടുള്ള ഒരു തുറന്ന കലാപമാണ് മാധവിക്കുട്ടിയുടെ രചനകൾ. നിരീക്ഷിക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ പോസ്റ്റ്മോഡേൺ സാഹിത്യം ഭാഷാവ്യവഹാരങ്ങളുടെ ഉല്പന്നമാണ് - ആധുനികോത്തര കഥകളെ മുൻനിർത്തി ചർച്ച ചെയ്യുക.

11. (a) യാന്ത്രിക സംസ്ക്കാരത്തിന്റെ കടന്നുകയറ്റത്തെ മാത്രമല്ല സൗന്ദര്യം, വൈരൂപ്യം, സൗശീല്യം, ദുശ്ശീലം എന്നീ സങ്കല്പത്തിന്റെ കെട്ടുറപ്പ് പരീക്ഷിക്കാൻ കൂടിയുള്ള കവിതയാണ് നെല്ലുകുത്തുകാരിപാറുവിന്റെ കഥ - 'നീചമാമുടൽ' ലേഖനത്തെ മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) ജാതി സംവാദങ്ങളിലേക്കും വർഗ്ഗപരമായ സംഘർഷങ്ങളിലേക്കും വിരൽചൂണ്ടുന്നതാണ് വേലുക്കുട്ടി അരയന്റെ ചെമ്മീൻ നിരൂപണം - വിമർശബുദ്ധ്യാ പരിശോധിക്കുക.

gcwcentrallibrary.in

12. (a) മലയാളത്തിലെ മനഃശാസ്ത്ര നിരൂപണത്തെക്കുറിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) 'നാടകാന്തം കവിത്വം' എന്നതുകൊണ്ട് മുണ്ടശ്ശേരി അർത്ഥമാക്കുന്നതെന്ത്?

**(5 × 6 = 30 Marks)**

III. ഓരോന്നും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) ഗ്രന്ഥനിരൂപണത്തിൽ നിന്നും ജീവിത നിരൂപണത്തിലേക്കുള്ള മാറ്റമാണ് ആദ്യകാല നിരൂപണത്തിൽ നിന്നും നവോത്ഥാന നിരൂപണത്തിലേക്കുള്ള പരിവർത്തനഘട്ടം - പരിശോധിക്കുക.

അല്ലെങ്കിൽ

(b) മലയാളനിരൂപണത്തിലെ നവോത്ഥാനഘട്ടം അക്കാദമിക് നിരൂപണത്തിന്റെ സ്വഭാവസവിശേഷതകൾ കൈവരിക്കുന്നുണ്ടോ? - ചർച്ച ചെയ്യുക.

14. (a) കാല്പനിക വിരുദ്ധതയാണ് ആധുനിക കാവ്യസംവേദനത്തിന്റെ മുഖമുദ്ര - ആധുനികതയുടെ ചുവന്നവാൽ, കാല്പനികതയുടെ യഥാർത്ഥ അപചയം എന്നീ ലേഖനങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ആധുനിക വിമർശനകല നേരിടുന്ന പുതിയ വെല്ലുവിളികളെക്കുറിച്ച് കെ.പി. അപ്പന്റെ നിരീക്ഷണങ്ങൾ വിശദീകരിക്കുക.

15. (a) മലയാളനിരൂപണത്തിലെ ആധുനികോത്തര പ്രവണതകളെ മലയാളകഥയിലെ ആധുനികോത്തരത, അപനിർമ്മാണവും സാഹിത്യവിമർശനവും എന്നീ നിരൂപണങ്ങളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ആഗോളീകരണ മുതലാളിത്ത കാലഘട്ടത്തിൽ സാഹിത്യവിമർശനം അന്തർവൈജ്ഞാനികമാകുന്നു എൺപതുകളിലെ മലയാളവിമർശനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

**(3 × 8 = 24 Marks)**

scwcentrallibrary.in

(Pages : 4) **P – 5869**

**Reg. No. : .............................**

**Name : ..................................**

**Third Semester M.A. Degree Examination, January 2023**

**Malayalam Language and Literature**

**ML 232 : സാഹിത്യചരിത്രവിജ്ഞാനീയം**

**(2019 Admission Onwards)**

Time : 3 Hours Max. Marks : 75

I. **ഈരണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) സാഹിത്യപഠനത്തിന് ഒരാമുഖം (An Introduction to the Study of Literature) എന്ന കൃതിയുടെ പ്രാധാന്യമെന്ത്?

അല്ലെങ്കിൽ

(b) സാഹിത്യചരിത്രവിജ്ഞാനീയത്തെപ്പറ്റി ഹഡ്സൺ അവതരിപ്പിച്ച ആശയങ്ങൾ എന്തെല്ലാം?

2. (a) സാഹിത്യചരിത്രരചനയിലെ ഘട്ടങ്ങൾ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) കൈരളിയുടെ കഥയുടെ രചനാരീതി ഏതു തരത്തിലുള്ളതാണ്?

3. (a) സാഹിത്യചരിത്രവിജ്ഞാനീയത്തെക്കുറിച്ച് ഹെൻറി-മോർലി അവതരിപ്പിച്ച ആശയങ്ങൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) മലയാളസാഹിത്യചരിത്രവിജ്ഞാനമേഖലയ്ക്ക് പി.കെ. പരമേശ്വരൻ നായരുടെ സംഭാവനകൾ പരിചയപ്പെടുത്തുക.

P.T.O.

gcwcentrallibrary.in

4. (a) സാഹിത്യചരിത്രനിർമ്മിതിയിൽ കാനോനീകരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

അല്ലെങ്കിൽ

(b) പ്രത്യയശാസ്ത്രവും അധികാരഘടനയും സാഹിത്യചരിത്രനിർമ്മിതിയെ സ്വാധീനിക്കുന്നുണ്ടോ? വ്യക്തമാക്കുക.

5. (a) മലയാളത്തിലെ ഗണാധിഷ്ഠിതസാഹിത്യചരിത്രഗ്രന്ഥങ്ങളുടെ പട്ടിക തയ്യാറാക്കുക.

അല്ലെങ്കിൽ

(b) ഇളംകുളം കുഞ്ഞൻ പിള്ളയുടെ ഭാഷാസാഹിത്യചരിത്രരചനയുടെ രീതിശാസ്ത്രം വിശദീകരിക്കുക.

6. (a) പി. ഗോവിന്ദപ്പിള്ളയുടെ മലയാളഭാഷാചരിത്രത്തിന്റെ പരിമിതികൾ ചൂണ്ടിക്കാട്ടുക.

അല്ലെങ്കിൽ

(b) മാപ്പിളപാട്ടുകൾക്ക് സാഹിത്യചരിത്രങ്ങളിൽ അർഹമായ പ്രാതിനിധ്യം നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുക.

7. (a) സാഹിത്യനിരൂപണവും സാഹിത്യചരിത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടുക.

അല്ലെങ്കിൽ

(b) കെ.എം. തരകന്റെ സാഹിത്യസംഭാവന പരിചയപ്പെടുത്തുക.

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) മലയാളത്തിലെ ആദ്യകാല സാഹിത്യചരിത്രകൃതികളെക്കുറിച്ച് വിവരണം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രവിജ്ഞാനീയത്തിന് റെനെവെല്ലക്കിന്റെ സംഭാവനകൾ വിവരിക്കുക.

gcwcentrallibrary.in

9. (a) മലയാളത്തിലെ സ്ത്രീപക്ഷസാഹിത്യത്തെക്കുറിച്ച് ചരിത്രപരമായ ഒരു രൂപരേഖ തയ്യാറാക്കുക.

അല്ലെങ്കിൽ

(b) ദളിത് സാഹിത്യം മലയാളത്തിൽ ഉത്ഭവം വളർച്ച എന്ന വിഷയത്തിൽ ഒരു പ്രബന്ധരൂപരേഖ രചിക്കുക.

10. (a) സാഹിത്യചരിത്രവിജ്ഞാനീയത്തിന് ഒലിവർ എൽട്ടന്റെ സംഭാവനകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) പ്രസ്ഥാനനിഷ്ഠമായ സാഹിത്യചരിത്രനിർമ്മിതിയുടെ പ്രത്യേകതകൾ ഉദാഹരണസഹിതം സമർത്ഥിക്കുക.

11. (a) സാഹിത്യചരിത്രരചന അന്തർവൈജ്ഞാനികസമീപനമാണ് ആവശ്യപ്പെടുന്നത്. ശരിയോ? വിശദീകരിക്കുക.

അല്ലെങ്കിൽ

(b) കരുതിക്കൂട്ടിയുള്ള തമസ്കരണങ്ങൾ മലയാളസാഹിത്യത്തിന്റെ ചരിത്രത്തിൽ ദൃശ്യമാണോ? ഉദാഹരണങ്ങൾ നിരത്തി സമർത്ഥിക്കുക.

12. (a) സാഹിത്യമൂല്യങ്ങളുടെ സംസ്ഥാപനത്തിൽ അധികാരഘടന പ്രവർത്തിക്കുന്നുണ്ടോ? ദൃഷ്ടാന്തങ്ങൾ കാട്ടി സമർത്ഥിക്കുക.

gcwcentrallibrary.in

അല്ലെങ്കിൽ

(b) സാഹിത്യചരിത്രം ദേശരാഷ്ട്രീയചരിത്രത്തിന് അനുബന്ധമായിത്തീരുന്നതെങ്ങനെ?

**($5 \times 6$ = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) സാഹിത്യചരിത്രം ഒരു ജനതയുടെ ജീവിതത്തിന്റെ വിവരണമാണ്. സമർത്ഥിക്കുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രവിജ്ഞാനീയവുമായി ബന്ധപ്പെട്ട പാശ്ചാത്യഅക്കാദമിക് രംഗത്തുണ്ടായ സിദ്ധാന്തങ്ങളെയും നയസമീപനങ്ങളെയും കുറിച്ച് വിവരണം തയ്യാറാക്കുക.

14. (a) ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രത്തിന്റെ ശക്തിയും പരിമിതികളും ചൂണ്ടിക്കാട്ടുക.

അല്ലെങ്കിൽ

(b) സാഹിത്യചരിത്രനിർമ്മാണം വൈജ്ഞാനികമാക്കുന്നതിൽ ഡോ. കെ.എം. ജോർജ്ജിന്റെ സംഭാവനകൾ വിവരിക്കുക.

15. (a) സൂക്ഷ്മാഖ്യാനതത്ത്വചിന്തകൾ സാഹിത്യചരിത്രരചനയിൽ സാധ്യമാക്കിയ ആശയപരമായ നവീനതകളെക്കുറിച്ച് വിവരിക്കുക.

അല്ലെങ്കിൽ

(b) നാടകം, ചെറുകഥ ഇവയെക്കുറിച്ച് മലയാളത്തിലുണ്ടായ പ്രധാന സാഹിത്യചരിത്രകൃതികളെ വിമർശനാത്മകമായി വിലയിരുത്തുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in

(Pages : 4) **P – 5868**

**Reg. No. : .............................**

**Name : ..................................**

## Thrid Semester M.A. Degree Examination, January 2023

## Malayalam Language and Literature

## ML 231 : സമകാലികസാഹിത്യം - ഗദ്യം

## (2019 Admission Onwards)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) 'വെള്ളത്തിന്റെ വില്ലീസുപടുതകളിലൂടെ അയാൾ നീങ്ങി ചില്ലുവാതിലുകൾ കടന്ന്, സ്വപ്നത്തിലൂടെ സാന്ധ്യപ്രജ്ഞയിലൂടെ തന്നെ നീട്ടിവിളിച്ച പൊരുളിന്റെ നേർക്ക് അയാൾ യാത്രയായി. അയാൾക്കു പിന്നിൽ ചില്ലുവാതിലുകൾ ഒന്നൊന്നായടഞ്ഞു.' - ഭാവം, ഭാഷ, ആഖ്യാനം, കഥാപാത്രം ഇവ വിശദമാക്കുക.

അല്ലെങ്കിൽ

(b) 'പുരാതനന്റെ മനസ്സുനിറയെ ചരിത്രമായിരുന്നു. ഭൂതത്തിന്റെ ഒരംശത്തിൽ ജീവിക്കുകയായിരുന്നു. വർത്തമാനം ഒരപ്രസക്തതയായി അവശേഷിച്ചു' ഏതു നഗരചരിത്രമാണ് പ്രതിപാദിക്കുന്നത്? വിവരിക്കുക.

2. (a) വീണ്ടും ഞാൻ പാപിയായി. പക്ഷേ പാപികളല്ലാത്ത ആരുണ്ടിവിടെ? എല്ലാവരും പാപികൾ തന്നെ. ജീവിതത്തെ അർത്ഥമുള്ളതാക്കുക പാപത്തിന്റെ ഒരു നിമിഷമായിരിക്കും. ആരുടെ ചിന്തകൾ? വിശദമാക്കുക.

അല്ലെങ്കിൽ

(b) 'തന്നെ വഞ്ചകനായും കൊലപാതകിയായും മനസ്സിലാക്കുന്ന അവളുടെ അനുഭവങ്ങളിലൂടെ ഒരു നിമിഷം ധ്യാനനിമഗ്നനായി രാമൻ സഞ്ചരിച്ചു'. സന്ദർഭമെന്ത്?

**P.T.O.**

gcwcentrallibrary.in

3. (a) 'എഴുതി ഫലിപ്പിക്കാൻ പറ്റാത്തത്രയും വലിയൊരു കഥയായി ജീവിതം പിന്നെയും ബാക്കി കിടക്കുന്നു' - ആരുടെ അവസ്ഥയാണ് ചിത്രീകരിക്കുന്നത്?

അല്ലെങ്കിൽ

(b) 'ഈ ലോകത്തിൽ എന്തിനാണ് ഒരു കാരണമില്ലാത്തത് ഈ പ്രപഞ്ചം തന്നെയും ആദിമകാരണത്താലധിഷ്ഠിതമല്ലയോ? ഏതു കഥയിലെ സന്ദർഭം? വിശദമാക്കുക.

4. (a) 'എനിക്കു ഞാൻ നഷ്ടപ്പെടുകയും ഞാൻ എന്നിൽനിന്ന് വെളിയിലേക്ക് കടക്കുകയും ചെയ്തു' - ആരുടെ അവസ്ഥ? വിവരിക്കുക.

അല്ലെങ്കിൽ

(b) 'ഞാനൊരിക്കലും പണത്തിനുവേണ്ടി ജോലി ചെയ്തിട്ടില്ല. ചെയ്ത ജോലിക്ക് പണം വാങ്ങിയിട്ടുണ്ട്. പക്ഷേ അതും പണത്തിനുവേണ്ടി ജോലി ചെയ്യുന്നതും രണ്ടാണ്'. കഥാപാത്രവ്യക്തിത്വം അപഗ്രഥിക്കുക.

5. (a) 'വ്യവസ്ഥിതികളും തത്ത്വശാസ്ത്രങ്ങളും ഘനീഭവിച്ചുണ്ടായ ആലയങ്ങൾ ഒന്നും തന്നെ സങ്കേതങ്ങളാകാതെ, സത്രങ്ങൾ മാത്രമായി ഇത്തിരി ആശ്വാസമോ പ്രാധാന്യമോ മാത്രം നൽകി ഈ വഴിയിൽ ഉപേക്ഷിക്കപ്പെടാൻ വിധിക്കപ്പെട്ടിരിക്കുന്നു' - കഥയിലെ ഗുണപാഠം വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) 'ഇവിടെ ആരും വീഴും. പക്ഷേ വീണിടം വിദ്യയാക്കുവിൻ ആട്ടപണ്ടാരങ്ങളേ' ക്രിയാസന്ദർഭത്തിന്റെ ആശയം വിശദീകരിക്കുക.

6. (a) 'നാടാകെ സ്വർഗ്ഗമായാൽ ദൈവരാജ്യമെന്തിനാ' ഈ തിരിച്ചറിവിലേക്കെത്തിച്ച സന്ദർഭം വിലയിരുത്തുക.

അല്ലെങ്കിൽ

(b) വേലുക്കുട്ടിയരയന്റെ ജീവചരിത്രം സംഗ്രഹിക്കുക.

7. (a) രവീന്ദ്രന്റെ യാത്രയെഴുത്തിന്റെ പ്രത്യേകതകൾ ചൂണ്ടിക്കാട്ടുക.

അല്ലെങ്കിൽ

(b) രാമച്ചിയിലെ മഞ്ഞമുത്തിയിലൂടെ കഥാകാരൻ ധ്വനിപ്പിക്കുന്നത് എന്തെല്ലാം?

**($7 \times 3 = 21$ Marks)**



gcwcentrallibrary.in

II. ഓരോ ചോദ്യത്തിനും **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) 'ആഘോഷിക്കപ്പെട്ട കേന്ദ്രങ്ങൾ അപ്രസക്തമാവുകയും പാർശ്വങ്ങൾ കേന്ദ്രത്തിലേക്കു വരികയും ചെയ്യുന്നതാണ് ഖസാക്കിന്റെ ഇതിഹാസത്തിന്റെ പുതിയ വായനാനുഭവം' - നോവലിന്റെ വയനാചരിത്രം മുൻനിർത്തി സ്വാഭിപ്രായം രേഖപ്പെടുത്തുക.

അല്ലെങ്കിൽ

(b) നൈസാമലി, അപ്പുക്കിളി എന്നീ കഥാപാത്രങ്ങൾ ഖസാക്കിന്റെ ഇതിഹാസത്തിനു നൽകുന്ന അധികമാനങ്ങൾ ചർച്ച ചെയ്യുക.

9. (a) സി.വി. ബാലകൃഷ്ണന്റെ നോവൽ ഭാഷയുടെ പ്രത്യേകതകൾ വിവരിക്കുക.

അല്ലെങ്കിൽ

(b) അധികാരത്തിന്റെ നിഗൂഢവഴികൾ അന്ധകാരനഴി ചിത്രീകരിക്കുന്നതെങ്ങനെ?

10. (a) നീതിവിതരണത്തിലെ അസംബന്ധതയെക്കുറിച്ച് ആനന്ദ് അവതരിപ്പിക്കുന്ന ചിന്തകൾ അപഗ്രഥിക്കുക.

അല്ലെങ്കിൽ

(b) ദളിതവസ്ഥകളെ തീവ്രാനുഭവമാക്കുന്നതാണ് സി. അയ്യപ്പന്റെ കഥകളുടെ പ്രത്യേകത. 'കാവൽബ്ഭൂതം' മുൻനിർത്തി വിശദമാക്കുക.

11. (a) സ്ത്രീപക്ഷചെറുകഥകളുടെ സ്വരവൈവിധ്യം, മാധവിക്കുട്ടി, ഗീതാഹിരണ്യൻ, കെ.ആർ. മീര എന്നിവരുടെ കഥകൾ മുൻനിർത്തി വിശദീകരിക്കുക.

അല്ലെങ്കിൽ

(b) സക്കറിയയുടെയും വി.പി. ശിവകുമാറിന്റെയും കഥകളിലെ ഐറണിയുടെ പൊരുൾ ചർച്ച ചെയ്യുക.

12. (a) മലയാളനാടകവേദിക്ക് പി.എം. താജ് നൽകിയ സംഭാവനകൾ പരിചയപ്പെടുത്തി അദ്ദേഹത്തിന്റെ നാടകശൈലിയുടെ പ്രത്യേകതകൾ ചൂണ്ടിക്കാട്ടുക.

അല്ലെങ്കിൽ

(b) പ്രമേയത്തിലും രംഗഭാഷയിലും സ്ത്രീപക്ഷനാടകവേദി കൈവരിച്ച മികവ് 'ലേബർ റൂമി'നെ അവലംബമാക്കി വിലയിരുത്തുക.

**(5 × 6 = 30 Marks)**

govcentrallibrary.in

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) സ്വാതന്ത്ര്യാനന്തര ദേശീയ രാഷ്ട്രീയത്തിലെ ജീർണ്ണതകളുടെ ചരിത്രപരമായ വായനയാണ് ആരോഹണം എന്നു പറയാമോ? നിരൂപിക്കുക.

അല്ലെങ്കിൽ

(b) രാമായണകഥയുടെ അനുവർത്തനത്തിലൂടെ സാറാ ജോസഫ് പ്രശ്നവൽക്കരിക്കുന്നത് എന്തെല്ലാം?

14. (a) ആധുനികതയിൽ നിന്ന് ആധുനികോത്തരതയിലേക്കുള്ള മലയാളകഥയുടെ ഭാവരൂപസംക്രമണങ്ങൾ പഠിക്കാനുള്ള കഥകളെ മുൻനിർത്തി വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) സമകാലമലയാളകഥയുടെ പ്രമേയപരമായ ഊന്നലുകൾ, പി.എ. ഉത്തമൻ, സുസ്മേഷ് ചന്ത്രോത്ത്, വിനോയ് തോമസ് എന്നിവരുടെ രചനകളെ മുൻനിർത്തി വിവരിക്കുക.

15. (a) തനതുനാടകവേദി, സ്ത്രീപക്ഷനാടകവേദി ഇവയുടെ വികാസപരിണാമങ്ങൾ വിമർശനപരമായി വിലയിരുത്തുക.

അല്ലെങ്കിൽ

(b) കാവാലം നാടകങ്ങളുടെ സൗന്ദര്യശാസ്ത്രവും രാഷ്ട്രീയവും അവനവൻ കടമ്പയെ മുൻനിർത്തി വിശകലനം ചെയ്യുക.

**($3 \times 8 = 24$ Marks)**

gcwcentrallibrary.in